പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2855 **29-10-2026-ൽ മറുപടിയ്ക്ക്**

റോഡ് റീകോട്ടിങ് പണികളിലെ സി.എ.ജി. കണ്ടെത്തലുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റോഡ് റീകോട്ടിങ് നിർമ്മാണ പ്രവൃത്തികളിൽ ചട്ടങ്ങൾ ലംഘിച്ച് കോടിക്കണക്കിന് രൂപയുടെ അനാവശ്യ ചെലവുകൾ വരുത്തിയതായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(ബി) റോഡുകളുടെ ഗ്യാരണ്ടി കാലാവധി (ഡി.എൽ.പി.)നിലനിൽക്കെ ചട്ടങ്ങൾ ലംഘിച്ച് റീകോട്ടിങ് നടത്തുന്നതിന് മുപ്പത്തിമൂന്ന് പ്രൊജക്ടുകളിലായി 187.06 കോടി രൂപ അനുവദിച്ചതായി വ്യക്തമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(സി) ഗ്യാരണ്ടി കാലാവധി അവസാനിക്കുന്നതിന് മുൻപ് 31 പ്രോജക്ടുകളിലായി 21.12 കോടി രൂപ ചെലവഴിച്ചതായും ഇതിൽ പല റോഡുകളിലും ഗ്യാരണ്ടി കാലാവധിയുടെ 22% മുതൽ 100% വരെ സമയം ബാക്കിയുള്ളപ്പോഴാണ് പുതിയ കോട്ടിങ് നടത്തിയതെന്നുമുള്ള കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(ഡി) തലശ്ശേരി-വളവുപാറ പ്രൊജക്ടിൽ 39.27 കോടി രൂപ അധികമായി ചെലവഴിച്ചതും കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൽ സമയ പരിധിക്ക് മുൻപ് റീകോട്ടിങ് നടത്തി 4.91 കോടി രൂപയുടെ നഷ്ടം വരുത്തിയതും, താനൂർ, ഇടുക്കി മേഖലകളിലെ റോഡ് പണികളിലുണ്ടായ അനാവശ്യ അറ്റകുറ്റപ്പണി ചെലവുകളും പരിശോധിച്ചിട്ടുണ്ടോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(ഇ) നിരന്തര പരിശോധനകൾ നടത്താതെ 28.22 കോടി രൂപയുടെ പണികൾക്ക് അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെയും ചട്ടങ്ങൾ ലംഘിച്ച് കരാറുകാർക്ക് വഴിവിട്ട് സഹായം നൽകിയതിനെതിരെയും എന്തെല്ലാം അന്വേഷണങ്ങളും നടപടികളുമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: വിവരം ശേഖരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ